**മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ അധികാരത്തിൽ ഉൾപ്പെട്ട ഡൽഹി**

**ഭദ്രാസന അദ്ധ്യക്ഷൻ സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പായിൽ നിന്നും**

സർക്കുലർ നമ്പർ : 03

**നമ്മുടെ ...................................................... മാർത്തോമ്മാ ഇടവകകാർക്ക് വാഴ്വ്**

കർത്താവിൽ പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിന്റെ അനുഗ്രഹകരമായ നിലനില്പിനും അഭ്യുന്നതിക്കും കാരണമായി വിശ്വാസ സമൂഹത്തിന്റെ അകമഴിഞ്ഞ സഹായ സഹകരണങ്ങളും പ്രാർത്ഥനയും, സമർപ്പിതരായ പട്ടക്കാരുടെയും സുവിശേഷകരുടെയും നേതൃത്വപരമായ ശുശ്രൂഷകളും ഉണ്ടായിരുന്നുയെന്നത് നന്ദിപൂർവ്വം ഓർക്കുന്നു. രൂപീകൃതമായി 19 വർഷങ്ങൾ പൂർത്തിയാകുന്ന ഡൽഹി ഭദ്രാസനം വളർച്ചയുടെ പടവുകൾ ഏറെ പിന്നിട്ടുയെന്നത് അഭിമാനപൂർവ്വം സ്മരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

മാർത്തോമ്മാ സഭാംഗങ്ങളായ ഓരോ വ്യക്തിയും, കുടുംബവും, ഇടവകയും, ഭദ്രാസനത്തെയും അതിന്റെ ദൈവരാജ്യ പ്രവർത്തനങ്ങളെയും അടുത്തറിഞ്ഞു പങ്കാളിത്തം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഭദ്രാസനദിനം ആചരിക്കുന്നത്. ഈ വർഷം **ആഗസ്റ്റ് മാസം 18 ാം** തീയതി ഭദ്രാസന ദിനമായി വേർതിരിച്ചിരിക്കുന്നു. അന്നേ ദിവസത്തെ വിശുദ്ധ കുർബ്ബാന / ആരാധനകൾ പ്രത്യേകം തയ്യാറാക്കിയ ഭദ്രാസന ദിന ആരാധനയോടുകൂടെ ആരംഭിക്കേണ്ടതാണ്.

18 സംസ്ഥാനങ്ങളിൽ ആറു സെന്ററുകളിലായി 58 ഇടവകകളും 23 കോൺഗ്രിഗേഷനുകളും, കുവൈറ്റിലെ 4 ഇടവകകളും ചേർന്നതാണ് നമ്മുടെ ഭദ്രാസനത്തിന്റെ പ്രവർത്തന മേഖല. പട്ടക്കാരും, സുവിശേഷകരും, അനുബന്ധപ്രവർത്തകരും അടങ്ങിയ ഒരു സംഘം പ്രവർത്തകർ ജനങ്ങളുടെ പിന്തുണയോടു കൂടെ ഭദ്രാസനത്തിന്റെ സാക്ഷ്യം നിറവേറ്റുന്നതിൽ കർമ്മ നിരതരായിരിക്കുന്നു. താരതമ്യേന ഏറെ പിന്നോക്ക അവസ്ഥയിലുള്ള വിശിഷ്യ സ്ത്രീകളും കുട്ടികളും അടങ്ങിയ വലിയൊരു ജനസമൂഹത്തിന്റെ ഉയർച്ചയ്ക്കായുള്ള പ്രവർത്തനങ്ങളും, പ്രവർത്തകരുടെ സന്ധാരണവും തടസ്സം കൂടാതെ മുമ്പോട്ട് പോകുന്നതിന് ഒരോ സഭാംഗവും ഉദാരമായ സംഭാവനകൾ നൽകേണ്ടതുണ്ടെന്ന് ഉദ്ബോധിപ്പിക്കുന്നു. ഭദ്രാസന ദിനത്തോടെ അനുബന്ധിച്ച് **ഹെറിറ്റേജ് ഫണ്ട്** എന്ന പേരിൽ നാം സമാഹരിക്കുന്ന തുകയും, അന്നേ ദിവസത്തെ സ്തോത്ര കാഴ്ചയുമാണ് ഭദ്രാസന പ്രവർത്തനങ്ങൾക്കുള്ള മുഖ്യധനാഗമന മാർഗം. ഒരു വിദ്യാർത്ഥിക്ക് 5000 രൂപാ ക്രമത്തിൽ വാർഷിക സ്ഥിര സംഭാവനകൾ നൽകിയും, വ്യക്തി/ഇടവക/സെന്റർ തലങ്ങളിൽ സുവിശേഷ പ്രവർത്തകരുടെ സന്ധാരണം ഏറ്റെടുത്തും മിഷൻ പ്രവർത്തനങ്ങൾക്കായി പ്രത്യേക എൻഡോമെന്റുകൾ ഏർപ്പെടുത്തിയും ഭദ്രാസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതും ഏറെ അഭിലഷണീയമാണ്.

ഹെറിറ്റേജ് ഫണ്ട് സമാഹരണത്തിനായി **ദിവ്യശ്രീ. ...................., .................. കശ്ശീശാ.........** ആ ഇടവക സന്ദർശിക്കുന്നതും, ഭദ്രാസന ദിന വിശുദ്ധ കുർബ്ബാനയ്ക്ക് **നേതൃത്വം നൽകുന്നതുമാണ്.** ഈ വർഷം ഹെറിറ്റേജ് ഫണ്ടിനത്തിൽ 90 ലക്ഷം രൂപാ പ്രതീക്ഷിക്കുന്നു. ആ ഇടവകയ്ക്ക് നിശ്ചയിച്ചിരിക്കുന്ന വിഹിതം .................. രൂപായാണ്. ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുന്നതിനും പ്രസ്തുത വിഹിതം പൂർണ്ണമായി സമാഹരിക്കുന്നതിനും ഏറ്റവും ഉത്സാഹത്തോടെ, വികാരിയും, മണ്ഡല-അസംബ്ലി അംഗങ്ങളും, ചുമതലക്കാരും സഹകരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. അന്നത്തെ സ്തോത്രകാഴ്ചയും, സമാഹരിച്ച തുകയും താമസംവിനാ ഭദ്രാസനത്തിൽ അടയ്ക്കണം.

പ്രിയരേ, ഈ വർഷത്തെ ഭദ്രാസന ദിനാചരണം ഏവർക്കും പുത്തൻ ഉണർവും സുവിശേഷ വേലയ്ക്കുദാരമായി നൽകുന്നതിനുള്ള ഒരവസരവുമായി ദൈവം തീർക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 2024 ജൂലൈ മാസം 24-ാം തീയതി ഡൽഹി മാർത്തോമ്മാ സെന്ററിൽ നിന്നും

**സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പാ**

ZACHARIAS MAR APREM EPISCOPA
LIGHTED TO LIGHTEN
DELHI DIOCESE
MALANKARA MARTHOMA SYRIAN CHURCH